പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5693

24.5.2017 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാരുടെ അവകാശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, എൽദോസ് കുന്നപ്പിള്ളി<br>,, എം. വിൻസെന്റ്<br>,, അടൂർ പ്രകാശ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും കുടുംബ ക്ഷേമവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |
| (എ) ഭിന്നശേഷിക്കാരുടെ അവകാശം സംബന്ധിച്ച 2016 ലെ കേന്ദ്രനിയമം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) 19.4.2017 ൽ പ്രാബല്യത്തിലായിട്ടുള്ള കേന്ദ്രാവിഷ്കൃതമായ ആർ.പി.ഡബ്ല്യൂ.ഡി ആക്ട് 2016 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ ചട്ടങ്ങൾക്ക് രൂപം നൽകുന്നതിന് പ്രാരംഭനടപടികൾ സ്വീകരിച്ച വരുന്നു. ആയത് പ്രകാരം സംസ്ഥാനതല ചട്ടങ്ങൾ രൂപപ്പെടുത്തുന്നതിനായി ഡിസെബിലിറ്റി മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ തലത്തിൽ ഏകദിന ശില്പശാല സംഘടിപ്പിച്ച് അഭിപ്രായ രൂപീകരണം നടത്തിയിട്ടുണ്ട്. |
| (ബി) സർക്കാർ ജോലികളിൽ സംവരണം 4 ശതമാനമായി വർദ്ധിപ്പിക്കുന്നതും ഭിന്നശേഷിക്കാർക്ക് പരിരക്ഷയും മുഖ്യധാരയിൽ സജീവപങ്കാളിത്വവും ഉറപ്പാക്കുന്ന വ്യവസ്ഥകൾ ഉള്ള പുതിയ നിയമം പൂർണ്ണതോതിൽ അടിയന്തരമായി നടപ്പിലാക്കുമോ; | (ബി) 2016 ലെ Rights of Persons with Disabilities Act ൽ സെക്ഷൻ 34 പ്രകാരം സർക്കാർ ജോലിയിൽ അംഗപരിമിതർക്കായി 4% സംവരണം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനതല ചട്ടങ്ങൾ നിലവിൽ വരുന്നതോട് കൂടി ടി നിയമം പൂർണ്ണതോതിൽ സംസ്ഥാനത്ത് നടപ്പാക്കുന്നതാണ്. |
| (സി) ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശം സംബന്ധിച്ച 1995-ലെ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പുതിയ നിയമത്തിന്റെ കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തുമോ? | (സി) 2016 ലെ Rights of Persons with Disabilities Act സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ